## എയ്ഡ്സ് രോഗികളുടെ ചികിത്സ

**13 (591)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എയ്ഡ്സ് രോഗികൾ ഉണ്ടെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എയ്ഡ്സ് രോഗികളുടെ ചികിത്സക്കായി എല്ലാ ജില്ലാ ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി എന്തെല്ലാം സാമ്പത്തിക സഹായം അനുവദിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2010 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 8 ആന്റി റിട്രോ വൈറൽ ട്രീറ്റ്മെന്റ് (എ.ആർ.ടി) കേന്ദ്രങ്ങളിലുമായി 5150 പേർ ചികിത്സയിലുണ്ട്. ആഗസ്റ്റ് 2010 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണ്. അവ ചുവടെ ചേർക്കുന്നു :

| ജില്ല | എയ്ഡ്സ് ബാധിതരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 488 |
| കൊല്ലം | 411 |
| പത്തനംതിട്ട | 271 |
| ആലപ്പുഴ | 345 |
| കോട്ടയം | 165 |
| ഇടുക്കി | 115 |
| എറണാകുളം | 312 |
| തൃശ്ശൂർ | 649 |
| പാലക്കാട് | 840 |
| മലപ്പുറം | 362 |
| വയനാട് | 76 |
| കണ്ണൂർ | 338 |
| കോഴിക്കോട് | 345 |
| കാസർഗോഡ് | 158 |
| അന്യസംസ്ഥാനക്കാർ | 32 |
| ആകെ | 4907 |

LIBRARY ARCHIVES Kerala Legislative Assembly

(ബി എയ്ഡ്സ് ബാധിതരുടെ ചികിത്സ സംസ്ഥാനത്തെ 8 എ.ആർ.ടി. കേന്ദ്രങ്ങൾ വഴിയാണ് നൽകിവരുന്നത്. എ.ആർ.ടി. കേന്ദ്രങ്ങൾ 5 മെഡിക്കൽ കോളേജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും എറണാകുളം, കാസർഗോഡ് ജനറൽ ആശുപത്രികളിലും പ്രവർത്തിക്കുന്നു. ഇതു കൂടാതെ താഴെപ്പറയുന്ന എ.ആർ.ടി. ഉപകേന്ദ്രങ്ങൾ (ലിങ്ക് എ.ആർ.ടി. സെന്റർ) വഴിയും ചികിത്സ ലഭ്യമാണ്.

1. പബ്ലിക് ഹെൽത്ത് ലബോറട്ടറി, കൊല്ലം
2. ജനറൽ ആശുപത്രി, പത്തനംതിട്ട
3. ജില്ലാ ആശുപത്രി, മലപ്പുറം
4. ജില്ലാ ആശുപത്രി, കാസർഗോഡ്
5. ജില്ലാ ആശുപത്രി, കണ്ണൂർ
6. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
7. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
8. താലൂക്കാശുപത്രി, നെയ്യാറ്റിൻകര
9. താലൂക്കാശുപത്രി, പുനലൂർ.

(സി) എയ്ഡ്സ് ബാധിതർക്ക് എ.ആർ.ടി. കേന്ദ്രങ്ങൾവഴി ലഭ്യമാകുന്ന ചികിത്സ തികച്ചും സൗജന്യമാണ്. മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകുന്നില്ല.

## ചികിത്സാ ധനസഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

**14 (593)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവരുടെ ചികിത്സക്കായി നൽകിയ ചികിത്സാ ധനസഹായ അപേക്ഷകളിൽ അർഹരായവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള കാല താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട് ; ഏത് ദിവസം വരെയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയെന്നും ഏത് ദിവസം വരെയുള്ള അപേക്ഷകൾക്ക് ധനസഹായം പ്രഖ്യാപിച്ചുവെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly